Draft #1 of File 26079/EA 2-1/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 27-Jun-2020 10:33 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

COVID 19 -ന്റെ പശ്ചാത്തലത്തിൽ സർവകലാശാലയ്ക്ക് കീഴിലുള്ള വിവിധ സ്കൂളുകളുടെ പരീക്ഷകൾ ,സർവകലാശാലയുടെ പരീക്ഷാകേന്ദ്രങ്ങളിലും സർവകലാശാലയുടെ പ്രവർത്തന പരിധിക്കു പുറത്ത് ഗവണ്മെന്റ് അനുവദിച്ചിരിക്കുന്ന കേന്ദ്രങ്ങളിലും വച്ച് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ അംഗീകരിച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 2884/EA 2/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 29.06.2020

---

*പരാമർശം:*-1. 22.06.2020 തീയതിയിലെ സർവകലാശാലാ ഉത്തരവ് നമ്പർ 2745/എ.സി.എ5/2020.

2.18.06.2020 തീയതിയിലെ സർക്കാർ ഉത്തരവ്(സാധാ ) നമ്പർ 816/2020/ഉ.വി.വ.

3. 25.06.2020 തീയതിയിലെ പരീക്ഷാ കൺട്രോളറുടെ കുറിപ്പ്.

4. 26.06.2020 തീയതിയിലെ വൈസ് ചാൻസലറുടെ ഉത്തരവ്.

**ഉത്തരവ്**

സർവകലാശാലയ്ക്ക് കീഴിലുള്ള വിവിധ സ്കൂളുകളുടെ പരീക്ഷകൾ സർവകലാശാലയുടെ പരീക്ഷാകേന്ദ്രങ്ങളിലും സർവകലാശാലയുടെ പ്രവർത്തന പരിധിക്കു പുറത്ത് ഗവണ്മെന്റ് അനുവദിച്ചിരിക്കുന്ന കേന്ദ്രങ്ങളിലും വച്ച് നടത്തുന്നത് സംബന്ധിച്ച് സ്കൂളുകളുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ട ക്രമീകരണങ്ങളെക്കുറിച്ച് , താഴെ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ പരാമർശം(4) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

1. വിദ്യാർത്ഥികൾക്ക് പ്രത്യേകമായി അനുവദിക്കപ്പെടുന്ന സെന്ററുകളിലെ ചീഫ് സൂപ്രണ്ടുമാരുമായും , അവിടെ നിയോഗിക്കപ്പെട്ടിരിക്കുന്ന സർവകലാശാലാ ജീവനക്കാരുമായും നിരന്തരം ബന്ധപ്പെട്ട് പരീക്ഷാ ജോലികൾ സുഗമമാക്കുന്നതിനായി പരീക്ഷാ ചുമതലയുള്ള അധ്യാപകനും , ഒരു അനധ്യാപകനും ഉൾക്കൊള്ളുന്ന ഒരു ടീം എല്ലാ സ്‌കൂളുകളിലും രൂപീകരിക്കേണ്ടതാണ് . പ്രസ്തുത ടീം ,

(എ) ഓരോ പരീക്ഷാ കേന്ദ്രത്തിനും പ്രത്യേകം പ്രത്യേകമായി തീയതി ക്രമത്തിലും രജിസ്റ്റർ നമ്പർ ക്രമത്തിലുമുള്ള വിശദമായ നോമിനൽ റോൾ ഇ മെയിൽ ആയി നൽകേണ്ടതാണ്.

(ബി) തീയതി ക്രമത്തിലുള്ള നോമിനൽ റോളിന്റെ പകർപ്പ് അസിസ്റ്റന്റ് രജിസ്ട്രാർ 21 (പരീക്ഷ)- ക്ക് ഇ മെയിൽ ആയി നൽകേണ്ടതാണ്.

(സി) ചോദ്യപേപ്പർ അപ്‌ലോഡ് ചെയ്യുന്ന സമയത്ത് പ്രസ്തുത ടീം അംഗങ്ങളിൽ ഒരാൾ, അസിസ്റ്റന്റ് രജിസ്ട്രാർ 21 (പരീക്ഷ)- യുടെ ഓഫീസിൽ ഹാജരായിരിക്കേണ്ടതാണ് .

(ഡി)പരീക്ഷ കേന്ദ്രങ്ങൾ, വിദ്യാർഥികൾ, ജീവനക്കാർ എന്നിവരുടെ സംശയങ്ങൾ ഫോണിലൂടെ ദൂരീകരിക്കേണ്ടതാണ്.

2. സ്കൂളുകളുടെ ചോദ്യപ്പേപ്പറുകൾ ഓൺലൈനായി /എൻക്രിപ്റ്റഡ് ഇ മെയിലായി അയയ്ക്കേണ്ടതാണ്.

3. ഇത്തരത്തിൽ അയയ്ക്കുവാൻ പാകത്തിലുള്ള ചോദ്യപേപ്പറുകൾ കൃത്യമായി അസിസ്റ്റന്റ് രജിസ്ട്രാർ 21 (പരീക്ഷ)- ക്ക് ലഭ്യമാക്കുവാൻ സ്കൂളുകളിൽ നിന്നും ഉള്ള മേൽ സൂചിപ്പിച്ച ടീമിനെ ചുമതലപ്പെടുത്തുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകൃഷ്ണകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)

പകർപ്പ്

1.സർവകലാശാലയുടെ കീഴിലുള്ള എല്ലാ പഠനവകുപ്പുകൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി. എമാർ
4. CE's സെക്ഷൻ/EN സെക്ഷനുകൾ /EA I സെക്ഷൻ / എ.സി.സി I
5. ജെ.ആർ I /എ.ആർ XI / XXI (പരീക്ഷ)
6. ഡി.ആർI (ഫിനാൻസ്)
7.സിസ്റ്റം മാനേജർ (i/ c) /CETEX
8. ഐ.ക്യു.എ.സി/കണ്ടന്റ് മാനേജ്മെന്റ് സെക്ഷനുകൾ
9. സ്റ്റോക് ഫയൽ/ഫയൽ കോപ്പി

File 26079/EA 2-1/2020/EA 2

Draft #1 of File 26079/EA 2-1/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 27-Jun-2020 10:33 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം